<u>**എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം**</u>

നമ്പർ 8811/ബി1 – എസ്റ്റാ/2019/എൻ.സി.സി 08 ആഗസ്റ്റ് 2025

# <u>സർക്കുലർ</u>

വിഷയം: **ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

സൂചന: (1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.14) വകുപ്പിന്റെ 28/06/2025 തീയ്യതിയിലെ എ.ആർ 14-2/29/2025- ഉ.ഭ.പ.വ നമ്പർ കത്ത്.

(2) ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിന്റെ 29/07/2025 തീയ്യതിയിലെ ഇമെയിൽ സന്ദേശം.

(3) ഈ ഡയറക്ടറേറ്റിന്റെ 28/04/2025, 21/06/2025 തീയതികളിലെ NCC/05/2025–G6 നമ്പർ കത്തുകൾ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചനകൾ പ്രകാരം 01 ജൂലൈ 2025 മുതൽ 31 ആഗസ്റ്റ് 2025 വരെ വിവിധ സർക്കാർ വകുപ്പുകളിൽ കുടിശ്ശികയുള്ള ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ തലത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിനോടും തീർപ്പാക്കുവാനുള്ള ഫയലുകൾ നടപടി പൂർത്തീകരിച്ച് ഇതിനായി ക്രമീകരിച്ചിരിക്കുന്ന ഫയൽ അദാലത്ത് പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തുവാൻ സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു. ഇതിനായുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഈ ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം സീനിയർ സൂപ്രണ്ടായ ശ്രീമതി. ഹാഷിന ബീഗം. എച്ച് – നെ നോഡൽ ഓഫീസറായി നിയമിക്കുകയുണ്ടായി. ആയതിൻ പ്രകാരം ഡയറക്ടറേറ്റ് തലത്തിൽ ഫയൽ തീർപ്പാക്കൽ പുരോഗതി നടന്ന് വരവേ കുടിശ്ശികയുള്ള ഫയലുകളുടെ കണക്ക് പരിശോധിച്ചപ്പോൾ ഓഡിറ്റ് വിഭാഗത്തിൽ നിന്നും ഏകദേശം 50 ശതമാനത്തിന് അടുത്തു വരുന്ന ഫയലുകൾ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്/ബറ്റാലിയനുകളിൽ നിന്നും ഓഡിറ്റ് സംബന്ധമായി മറുപടി വരാനിരിക്കുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. ഓഡിറ്റ് വിഭാഗം കുടിശ്ശികയുള്ള ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി 2025 മേയ് മാസം ഈ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റ് തലത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും ഓഡിറ്റ് വിഭാഗം തടസ്സവാദം ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളിൽ തീർപ്പ് കൽപ്പിച്ച് ആയതിന്റെ മറുപടി എത്രയും വേഗം സമർപ്പിക്കുവാൻ സൂചന (3) പ്രകാരം എല്ലാ ഓഫീസുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു. എന്നാൽ ഭൂരിഭാഗം വരുന്ന ഓഫീസുകളും ഈ നിർദ്ദേശം പാലിക്കപ്പെടുകയുണ്ടായില്ല.

....2....

സർക്കാർ തലത്തിൽ നടക്കുന്ന ഫയൽ അദാലത്ത് മുഖ്യമന്ത്രി തലം വരെ ദിവസേന നിരീക്ഷിക്കാനുള്ള സംവിധാനം നിലനൽക്കേ ഈ ഡയറക്ടറേറ്റിലെ ഫയൽ തീർപ്പക്കൽ ശതമാനം വളരെ കുറവാണെന്ന് ബോദ്ധ്യപ്പെടുകയും ആയത് സർക്കാർ ഗൗരവമായി കാണുകയും ദിവസേന നടക്കുന്ന നോഡൽ ഓഫീസർമാരുടെ അവലോകന യോഗത്തിൽ ആയത് മുഖ്യമന്ത്രി തലം വരെ ശ്രദ്ധയിൽ പ്പെടുത്തുന്നതുമാകുന്നു. ആയതിന്റെ ഗൗരവം ഉൾക്കൊണ്ട് ഇനിയും ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാത്ത ഓഫീസുകൾ അടിയന്തിരമായി ഓഡിറ്റ് നടപടി പൂർത്തീകരിച്ച് **18** ആഗസ്റ്റ **2025** ന് മുൻപായി പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു. എല്ലാ **DDO** മാരും അതാത് ഓഫീസുകളിൽ കുടിശ്ശികയുള്ള ഫയലുകളുടെ റിപ്പോർട്ട് കൃത്യസമയത്ത് തന്നെ സമർപ്പിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട അധികാരികൾക്ക് എതിരേ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ,

(വിനീഷ് കെ.എസ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ
ജനറൽഎൻ.സി.സിക്കു വേണ്ടി

**പകർപ്പ്**

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും,
യൂണിറ്റികൾക്കും – വെബ് സൈറ്റ് മുഖേന,
ഓഡിറ്റ്